**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3148** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികളുടെ എണ്ണവുമായി തട്ടിച്ച നോക്കുമ്പോൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിൽ 2021-22 വർഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ അപേക്ഷകൾ പ്രകാരം 314 സ്പെഷ്യൽ സ്കൂളുകളിലായി 25605 കുട്ടികൾ പഠിക്കുന്നു.<br><br>സംസ്ഥാനത്ത് അന്ധ/ബധിര/മൂക വിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ - 7 ഉം എയ്ഡഡ് മേഖലയിൽ 36 ഉം, അൺ എയ്ഡഡ് മേഖലയിൽ 2 ഉം എന്ന ക്രമത്തിൽ ആകെ 45 വിദ്യാലയങ്ങളിലായി 2020-21 വർഷത്തിലെ കണക്കുകൾ പ്രകാരം 3046 കുട്ടികൾ പഠിക്കുന്നു. |
| (ബി) | വിവിധ എൻ.ജി.ഒ. കളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഗ്രാൻഡ് അനുവദിച്ച് നൽകാറുണ്ടോ ;വിശദാംശം നൽകുമോ; | (ബി) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2019-20 വർഷം, 38,46,54,612 (മുപ്പത്തിയെട്ട് കോടി നാൽപ്പത്തിയാറു ലക്ഷത്തി അമ്പത്തിനാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട് രൂപാ മാത്രം) രൂപയും 2020-21 വർഷം 37,69,85,750/- (മുപ്പത്തിയേഴ്കോടി അറുപത്തിയൊൻപതു ലക്ഷത്തി എൻപത്തി അയ്യായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും 2021-22 വർഷം 21,93,69,050/ (ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി അമ്പത് രൂപ മാത്രം)രൂപയും സ്പെഷ്യൽ പാക്കേജ് മുഖേന അനുവദിച്ച നൽകിയിട്ടുണ്ട്. 2022-23 വർഷത്തേയ്ക്ക് 45 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും വിവിധ എൻ.ജി.ഒ. കളുടെ നേതൃത്വത്തിൽ | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നതും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമായ സ്പെഷ്യൽ സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ; | | |
| (ഡി) | സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ഡി) | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.റ്റി മുഖേന പാഠപുസ്തകവും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ